PAN/11965/2021-E1(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
സ്വരാജ് ഭവൻ,നന്തൻകോട്
കവടിയാർ പി.ഒ. തിരുവനന്തപുരം – 695003
directorofpanchayat@gmail.com
0471-2321054 തീയതി : 13/08/2022

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – 2022 ലെ പൊതുസ്ഥലമാറ്റത്തിനായി അപേക്ഷ സമർപ്പിച്ച ജീവനക്കാർക്ക് അപേക്ഷ പിൻവലിക്കുന്നതിനുള്ള അനുമതി നൽകുന്നത് – സംബന്ധിച്ച്

സൂചന:
1. സ.ഉ(പി)നം. 3/2017/ഉ.ഭ.പ.വ തീയതി 25.02.2017
2. സ.ഉ(കൈ)നം. 125/2022/തസ്വഭവ തീയതി 16.06.2022
3. ഈ കാര്യാലയത്തിലെ 09.05.2022, 10.06.2022, 25.06.2022, 01.07.2022 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

മേൽ സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെയും, ഈ കാര്യാലയത്തിൽ നിന്നും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിരുന്ന സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിലേക്ക് 2022 ലെ പൊതുസ്ഥലംമാറ്റത്തിനായി ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നു. സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജനറൽ/അനുകമ്പാർഹ/പ്രത്യേക പരിഗണന /പരിരക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങൾക്കുള്ള പ്രത്യേക ക്യൂ ലിസ്റ്റും , സാധുവായ അപേക്ഷ സമർപ്പിച്ചവരുടെ ലിസ്റ്റും , ഒരു ഓഫീസിൽ 3 വർഷം പൂർത്തീകരിച്ചവരുടെ ലിസ്റ്റും ഓൺലൈനായി 05.08.2022 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്നു.

കരട് ക്യൂ ലിസ്റ്റിൽ ആക്ഷേപമുള്ള ജീവനക്കാർക്ക് ഓൺലൈനായി ആയത് ഉന്നയിക്കുന്നതിന് 09.08.2022 തീയതിവരെ അവസരം നൽകിയിരുന്നു. നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകാതെ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷ പിൻവലിക്കുന്നതിനുള്ള അവസരം നൽകണമെന്ന ആവശ്യം വിവിധ ജില്ലകളിൽ നിന്നും ലഭിച്ചിരുന്നു . ആയത് പരിഗണനാർഹമാണെന്നു വിലയിരുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകാതെ അപേക്ഷ സമർപ്പിച്ച ജീവനക്കാർക്ക് ആവശ്യമെങ്കിൽ ആയത് പിൻവലിക്കുന്നതിനുള്ള സൌകര്യം അതത് ജീവനക്കാരുടെ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട് . ഇത്തരത്തിൽ അപേക്ഷ പിൻവലിക്കുവാൻ ആഗ്രഹിക്കുന്ന ജീവനക്കാർക്ക് 16.08.2022-ാം തീയതി വൈകുന്നേരം 5 മണിവരെ അപേക്ഷ പിൻവലിക്കാവുന്നതാണ്.

പഞ്ചായത്ത് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി ഇൻഫർമേഷൻ കേരളമിഷൻ തയ്യാറാക്കിയ General Transfer Module സോഫ്റ്റ് വെയറിൽ Transfer Requests എന്ന മെനുവിലെ Transfer Request എന്ന സബ് മെനുവിൽ Transfer type സെലക്റ്റ് ചെയ്ത ശേഷം സ്വന്തം അപേക്ഷ പിൻവലിക്കാവുന്നതാണ്. അപേക്ഷ പിൻവലിക്കുന്നതിനുള്ള സമയപരിധി അവസാനിച്ച ശേഷം അവശേഷിക്കുന്ന സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി അന്തിമ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും , ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റം നടത്തുന്നതുമാണ്. സാധുവായ അപേക്ഷ സമർപ്പിച്ചുട്ടുള്ള മുഴുവൻ ജീവനക്കാരും പൊതുസ്ഥലംമാറ്റത്തിന് വിധേയമാകുന്നതായിരിക്കും.

H. DINESHAN IAS
DIRECTOR OF PANCHAYATH

എല്ലാ ജീവനക്കാർക്കും (ഓഫീസ് മേലധികാരി മുഖാന്തിരം)

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജീവനക്കാർക്കും അറിയിപ്പ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി)
2.എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (എല്ലാ ജീവനക്കാർക്കും അറിയിപ്പ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി)
3.എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (എല്ലാ ജീവനക്കാർക്കും അറിയിപ്പ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി)

Signature Not Verified

Digitally signed by DINESHAN H
Date: 2022.08.13 16:32:16 IST
Reason: Approved